**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: * 171</u> <u>04.11.2019 ൽ മറുപടിക്ക്</u>

## കെ-ഫോൺ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി.എഫ്.തോമസ്<br>„ റോഷി അഗസ്റ്റിൻ<br>„ പി.ജെ.ജോസഫ്<br>„ മോൻസ് ജോസഫ് : | | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നടപ്പാക്കുന്ന കെ-ഫോൺ പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കുമോ; | (എ) യും (ബി) യും | ഇന്റർനെറ്റ് ഒരു അവകാശമായി പ്രഖ്യാപിച്ചു കൊണ്ട്, സാർവത്രിക ഇന്റർനെറ്റ് ലഭ്യത എന്ന ലക്ഷ്യവുമായി സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (K-FON). ഈ പദ്ധതി വഴി സംസ്ഥാനത്തെ 30,000 ത്തോളം വരുന്ന സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും, അതിവേഗ ഇന്റർനെറ്റ് സേവനം ഇടതടവില്ലാതെ ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭവനങ്ങളിലേക്ക് സൗജന്യമായും മറ്റുള്ളവർക്ക് വളരെ കുറഞ്ഞ നിരക്കിലും ഇന്റർനെറ്റ് സേവനം ലഭ്യമാക്കുവാനും പ്രസ്തുത പദ്ധതി ലക്ഷ്യമിടുന്നു. കിഫ്ബി ധനസഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിനായി കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.ടി.ഐ.എൽ.)ന്റെയും കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് (കെ.എസ്.ഇ.ബി)ന്റെയും സംസ്ഥാന സർക്കാരിന്റെയും 49:49:2 എന്ന അനുപാതത്തിലുള്ള ഓഹരി |
| (ബി) | വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സർക്കാർ സ്ഥാപനങ്ങൾക്കും അതിവേഗ ഇന്റർനെറ്റ് സൗകര്യം ലക്ഷ്യമിട്ടാണോ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | പങ്കാളിത്തത്തോടെ 'കേരള ഫൈബർ ഒപ്റ്റിക് നെറ്റ്-വർക്ക് ലിമിറ്റഡ്" എന്ന പേരിൽ ഒരു പുതിയ ജോയിന്റ് വെൻചർ കമ്പനി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി സിസ്റ്റം ഇന്റഗ്രേറ്റർ ആയി ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ നേതൃത്വത്തിലുള്ള കൺസോർഷ്യത്തിനെ തിരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിനായുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (സി) | ജനങ്ങൾക്ക് മിതമായ നിരക്കിൽ ഇന്റർനെറ്റ് സേവനം നൽകുവാൻ കെ-ഫോൺ പദ്ധതിക്ക് കഴിയുമോയെന്ന് അറിയിക്കാമോ; | (സി) | 20 ലക്ഷത്തോളം വരുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭവനങ്ങളിലേയ്ക്ക് സൗജന്യമായും മറ്റുള്ളവർക്ക് മിതമായ നിരക്കിലും ഇന്റർനെറ്റ് സേവനം ലഭ്യമാക്കുവാനാണ് കെ-ഫോൺ പദ്ധതി ലക്ഷ്യമിടുന്നത്. |
| (ഡി) | കെ-ഫോൺ പദ്ധതിയുമായി സഹകരിക്കുന്നത് ഏതെല്ലാം സ്ഥാപനങ്ങളാണെന്ന് വ്യക്തമാക്കാമോ? | (ഡി) | കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്- ഉം കെ.എസ്.ഇ.ബി.-യുമാണ് പദ്ധതിയുമായി സഹകരിക്കുന്നത്. കൂടാതെ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ നേതൃത്വത്തിൽ റെയിൽടെൽ, എൽ.എസ്.കേബിൾ, എസ്.ആർ.ഐ.റ്റി എന്നീ കമ്പനികളടങ്ങുന്ന കൺസോർഷ്യമാണ് പ്രസ്തുത പദ്ധതിയുടെ സിസ്റ്റം ഇന്റഗ്രേറ്റർ ആയി പ്രവർത്തിക്കുന്നത്. |

സെക്ഷൻ ഓഫീസർ